**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 88** **24-06-2026-ൽ മറുപടിയ്ക്ക്**

**ഭവനനിർമ്മാണ ബോർഡിനെ പുനഃസംഘടിപ്പിക്കുന്നതിനായി പ്രത്യേക പാക്കേജ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എം. ആർ. ബൈജു

ശ്രീ. എൻ. ശക്തൻ

ശ്രീ. രാജൻ. ജെ. പല്ലൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ഈ സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ അവലോകനം ചെയ്യുന്നതിനായി ജലവിഭവ ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 03.06.2026 തീയതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും ബോർഡിന്റെ സാമ്പത്തിക സ്ഥിതി ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ അവലോകനം ചെയ്യുകയും ചെയ്തു. നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമായി മാറ്റുവാൻ ആവശ്യമായ അടിയന്തര നടപടികൾ കൈക്കൊള്ളുവാൻ വേണ്ട നിർദ്ദേശം നൽകുകയുണ്ടായി. ബോർഡിന്റെ സുപ്രധാന വരുമാന സ്രോതസ്സുകളായ വാടക, വായ്പ തിരിച്ചടവ് എന്നിവയിൽ നിലവിലുള്ള കുടിശ്ശികകൾ ഒഴിവാക്കുന്നതിനായി അദാലത്തുകൾ/ ഒറ്റത്തവണ തീർപ്പാക്കൽ തുടങ്ങിയ നടപടികൾ കൈക്കൊള്ളുവാൻ തീരുമാനിച്ചു. കൂടാതെ വിവിധ സ്ഥലങ്ങളിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വാണിജ്യ അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണെന്നും യോഗം വിലയിരുത്തി.

**(ബി)** ബോർഡിന്റെ പക്കലുള്ള ഭൂമിയും കെട്ടിടങ്ങളും വാണിജ്യാടിസ്ഥാനത്തിൽ വിനിയോഗിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ;

**മറുപടി:** കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ വാണിജ്യാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കിയും കെട്ടിടങ്ങളിൽ ആവശ്യമായ നവീകരണ പ്രവൃത്തികൾ നടത്തി വാടകയ്ക്ക് നൽകിയും ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. തൃശ്ശൂർ ജില്ലയിൽ മുളങ്കുന്നത്തുകാവിൽ ഭവന നിർമ്മാണ ബോർഡിന്റെ 4.29 ഏക്കർ ഭൂമിയിൽ സീനിയർ സിറ്റിസൺസ് ഹോംസ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതിയിലൂടെ ഒന്നാം ഘട്ടമായി പാർപ്പിട യൂണിറ്റുകൾ നിർമ്മിക്കുന്നതിനായി 2026-27 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

വിവിധ സ്ഥലങ്ങളിലുള്ള ബോർഡിന്റെ ഭൂമിയിൽ കേന്ദ്ര സർക്കാരിന്റെ SASCI (Scheme for Special Assistance to States for Capital Investment) പദ്ധതിയുടെ ഭാഗമായി വനിതാ ശിശുവികസന വകുപ്പിലൂടെ ലഭ്യമാകുന്ന ധനസഹായം ഉപയോഗപ്പെടുത്തി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന വർക്കിംഗ് വിമൺസ് ഹോസ്റ്റലുകളുടെ നിർമ്മാണം പല ഘട്ടങ്ങളിലൂടെ പുരോഗമിച്ചു വരികയാണ്. ഇവ കൂടാതെ ബോർഡിന്റെ ഭൂമിയിൽ ഏഴ് പുതിയ വർക്കിംഗ് വിമൺസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനായി കേന്ദ്ര അനുമതി ലഭിക്കുന്നതിന് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വനിതാ ശിശുവികസന വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

കൊച്ചി മറൈൻ ഡ്രൈവിൽ ബോർഡിന്റെ കൈവശമുള്ള 17.9 ഏക്കർ ഭൂമിയിൽ ഏകദേശം 3391 കോടി രൂപ ചെലവിൽ മൂന്ന് ഘട്ടങ്ങളിലായി വികസിപ്പിക്കുന്ന താമസ – വാണിജ്യ സമുച്ചയങ്ങൾ, ഹോട്ടൽ, കൺവെൻഷൻ സെന്റർ, ആധുനിക പാർപ്പിട സമുച്ചയങ്ങൾ എന്നിവ ഉൾപ്പെടുന്ന കെ.എസ്.എച്ച്.ബി. മറൈൻ എക്കോസിറ്റി പദ്ധതി ബോർഡിന്റെ പ്രധാന വികസന സംരംഭമാണ്. ഈ പദ്ധതി NBCC (National Building Construction Corporation Ltd.) യുടെ സഹകരണത്തോടെ പൂർത്തിയാകുന്നതോടെ ബോർഡിന് ഗണ്യമായി അധിക വരുമാനം ലഭിക്കുന്നതിനും നഗര വികസനത്തിന് പുതിയ ദിശാബോധം നൽകുന്നതിന് സഹായകരമാകും.

കോട്ടയം ജില്ലയിൽ ബോർഡിന്റെ ഉടമസ്ഥതയിൽ എരുമേലിയിലുള്ള ഭൂമിയിൽ തീർത്ഥാടകരെയും വിനോദസഞ്ചാരികളെയും ലക്ഷ്യമാക്കി താമസസൗകര്യങ്ങൾ, ഡോർമിറ്ററികൾ, കൺവെൻഷൻ സെന്റർ, വാണിജ്യ സമുച്ചയങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന Devotional Tourism Hub പദ്ധതി സംസ്ഥാന ടൂറിസം വകുപ്പ് മുഖേന കേന്ദ്ര സർക്കാരിന്റെ Scheme for Special Assistance to States for Capital Investment (SASCI) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം (ജഗതി), എറണാകുളം(തൃക്കാക്കര), കോഴിക്കോട് നഗരങ്ങളിലെ ബോർഡിന്റെ ഉടമസ്ഥതയിലുള്ള പ്രധാന ഭൂമികളിൽ പാരസ്പര്യം മാതൃകയിൽ ബഹുനില പാർപ്പിട സമുച്ചയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും, ആലപ്പുഴ ജില്ലയിലെ വളവനാട്, എറണാകുളം ജില്ലയിലെ കലൂർ എന്നിവിടങ്ങളിൽ ബോർഡ് ഭൂമികളിൽ പൊതു സ്വകാര്യ പങ്കാളിത്ത (PPP) മാതൃകയിൽ വികസന പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഭവന നിർമ്മാണ നിർമ്മാണ ബോർഡിന്റെ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

ബോർഡിന്റെ അധീനതയിലുള്ള 6 റവന്യൂ ടവറുകൾ, 24 ഷോപ്പിംഗ് കോംപ്ലക്സുകൾ, 4 അതിഥി മന്ദിരങ്ങൾ എന്നിവയുടെ നവീകരണവും ആധുനികവൽക്കരണവും നടപ്പിലാക്കി വാടക വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**(സി)** സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതികളിൽ കൂടുതൽ പങ്കാളിത്തം നൽകി ഭവനനിർമ്മാണ ബോർഡിനെ പുനഃസംഘടിപ്പിക്കുന്നതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഭവനനിർമ്മാണ മേഖലയിലും അടിസ്ഥാന സൗകര്യവികസന രംഗത്തും സർക്കാർ മേഖലയിലെ ഒരു പ്രധാന നിർവ്വഹണ ഏജൻസിയായി നിലവിൽ ഭവന നിർമ്മാണ ബോർഡ് പ്രവർത്തിച്ചുവരുന്നുണ്ട്. ബോർഡിന്റെ സ്വന്തം ഭൂമിയിലും സർക്കാർ ഭൂമിയിലും നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ കൂടാതെ, സർക്കാർ വകുപ്പുകളുടെ പല പദ്ധതികളിലും കൺസൾട്ടൻസി വ്യവസ്ഥയിൽ നിർമ്മാണ സ്ഥാപനമായി ഭവന നിർമ്മാണ ബോർഡ് പ്രവർത്തിക്കുന്നു. സർക്കാർ പ്ലാൻ ഫണ്ട് വിനിയോഗിച്ച് സാമ്പത്തിക, ദുർബല വിഭാഗക്കാർക്കും താഴ്ന്ന വരുമാനക്കാർക്കുമായുള്ള ഭവന

പദ്ധതികൾ, ആശ്വാസ് വാടക ഭവന പദ്ധതി, സർക്കാർ ജീവനക്കാർക്കുള്ള വാടക ഭവന പദ്ധതി, എം.എൻ.ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി, തന്റെയിടം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ സുനാമി പുനരധിവാസ പദ്ധതി, KIIFB ധനസഹായത്തോടെ താലൂക്ക് ആശുപത്രികളുടെ വികസനവും, റവന്യൂ ടവർ/ മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണവും, Scheme for Special Assistance to States for Capital Investment (SASCI) പദ്ധതി പ്രകാരം വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണം ഉൾപ്പെടെ വിവിധ സർക്കാർ വകുപ്പുകൾക്കായി കൺസൾട്ടൻസി പ്രവൃത്തികളും, ബോർഡ് സംസ്ഥാനത്താകെ നടപ്പിലാക്കി വരുന്നു. ദുർബല ജന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി ഉൾപ്പെടെ വിപുലമായ തോതിൽ നടപ്പാക്കാനുള്ള സാധ്യത പരിശോധിക്കുന്നതിന് മന്ത്രിതല യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**